Reg: No. K. 81

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 86 | മാർച്ച് 30 തൊമ്മ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

വെടിവെപ്പ് തുടരുന്നു

(പി. ടി. ഐ) കൽക്കട്ട. മാർച്ച്. 29.
കച്ച്ബഹാർജില്ലയിലെ മെക്ലിഗഞ്ച് മേഖലയിൽ കിഴക്കൻ പാക്കിസ്ഥാൻ പട്ടാളക്കാർ നടത്തിവരുന്ന വെടിവെപ്പ്. 13-ാംദിവസമായ ഇന്നും തുടർന്നുവെന്ന് കൽക്കട്ടയിലെ പോലീസ് വൃത്തത്തിൽനിന്നുമറിയുന്നു.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	വാരാന്ത്യപ്പതിപ്പ് പോസ്റ്റ്വഴി	വാരാന്ത്യപ്പതിപ്പ് പോസ്റ്റ്വഴി
ഒരു കൊല്ലത്തേയ്ക്ക്	27-00	6-00
6 മാസത്തേയ്ക്ക്	13-50	3-00
1 മാസത്തേയ്ക്ക്	2-25	1-50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് മാത്രം		2-10
ഒറ്റപ്രതി	0-07	0-10

മാനേജർ.

പിണ്ടി-പീക്കിങ്ങ് അച്ചുതണ്ടിൻെറ പുത്തൻനീക്കങ്ങൾ

(പി. ടി. ഐ) കറാച്ചി, മാർച്ച് 29

പ്രസിഡണ്ട് അയൂബ്ഖാൻ ചൈന സന്ദർശിച്ച് മൂന്നാഴ്ച കഴിയുംമുമ്പേ ചൈനീസ് വൈദേശകാര്യമന്ത്രി ചെൻയി പാക്കിസ്ഥാനിൽ സന്ദർശനാർത്ഥം എത്തിയതു് വളർന്നുകൊണ്ടിരിക്കുന്ന ചൈനാ-പാക് ബന്ധങ്ങളെ സുസംഘടിതമാക്കുന്നതിനാണെന്ന് നിരീക്ഷകർ കരുതുന്നു.

രണ്ടുകൊല്ലത്തെ ചുരുങ്ങിയ ഘട്ടത്തിനുള്ളിൽ ഇന്ത്യാഫ്ഘാനുകളും തമ്മിലുള്ള ബന്ധങ്ങൾ വളരെ അടുത്തിട്ടുണ്ട്. ചൈന ഇന്ത്യയെ ആക്രമിച്ച ഉടനെയാണ് അവർ തമ്മിൽ സൗഹാർദ്ദത്തിലെത്തിയതു്. ഡൽഹി-പീക്കിങ് ബന്ധങ്ങളും വഷളാകുംതോറും, പിണ്ടി-പീക്കിങ് ബന്ധം പുഷ്ടിച്ച്കൊണ്ടിരുന്നു.

പൊതുതാല്പര്യം

ഇന്ത്യയെ സംബന്ധിച്ചിടത്തോളം, പാക്കിസ്ഥാൻേറയും ചൈനയുടേയും താല്പര്യങ്ങൾ ഒന്നാണെന്നാണ് നിരീക്ഷകർ കരുതുന്നതു്. സൈനികമായും ആഭ്യന്തരമായും ഇന്ത്യ ബലഹീനമാകണമെന്ന് അവർ അഭിലഷിക്കുന്നു. ഇന്ത്യയുടെ മേലുള്ള അവരുടെ സമ്മർദ്ദത്തിൻെറ ലക്ഷ്യംതന്നെ, പാക്കിതാല്പര്യങ്ങൾക്കനുസരിച്ച് കാശ്മീർപ്രശ്നത്തിന് പരിഹാരമുണ്ടാക്കുക, രണ്ടു് ചൈനയെ സംബന്ധിച്ചേടത്തോളം ആ രാഷ്ട്രം ഇന്ത്യയുടേതായ വിപുലമായ ഭൂപ്രദേശങ്ങൾ പിടിച്ചടക്കിയതിനെ കാര്യം വിസ്മരിക്കപ്പെടുക എന്നിവയാണ്.

ഈ കാരണങ്ങൾകൊണ്ടാണ് പാക്കിസ്ഥാനും, ചൈനയും കൂടുതൽ അടുത്തതെന്ന് നിരീക്ഷകർ കരുതുന്നു. ഇന്ത്യയെ താറടിക്കുന്നതിനും, കാറപ്പെട്ടുത്തുന്നതിനും അതിൻെറമേൽ സമ്മർദ്ദം ചെലുത്തുന്നതിനുമുള്ള കൂട്ടായ ഒരു ശ്രമം ഭാവിയിൽ ഉണ്ടാകുമെന്നാണ് നിരീക്ഷകർ കരുതുന്നതു്. തങ്ങളുടെ 'പൊതുശത്രു' ആയ ഇന്ത്യയെ അക്രമിയെന്നു മുദ്രയടിക്കുവാനും, ഇന്ത്യ പടിഞ്ഞാറേൻേറയും റഷ്യയുടെതന്നേയും ആയുധസഹായത്തിൽകൂടി തടിച്ചുകൊണ്ടിരിക്കുകയാണെന്നു് പ്രചരണം നടത്തുവാനും അവർ തുടങ്ങും ശ്രമിക്കും.

വാത്താവിനിമയത്തിൻെറ വളർച്ച

കപ്പൽ സർവ്വീസിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലഫോൺ ബന്ധത്തിനുമുള്ള ഒരു കരാറിൽ ചൈനയും, പാക്കിസ്ഥാനും ഒപ്പുവെക്കുന്നതോടെ ഇരുരാഷ്ട്രങ്ങളും തമ്മിലുള്ള വാത്താവിനിമയം കൂടുതൽ മെച്ചപ്പെടുവാൻ പോകുകയാണ്. പാക്കിസ്ഥാനിലെ നാഷനൽ ഷിപ്പിങ്ങ് കോർപ്പറേഷൻ അതിൻെറ സർവ്വീസ് ചൈനയിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടെന്നു് വാർത്താവിനിമയമന്ത്രി ഖാൻ എ. സബൂർ ലാഹോറിൽവെച്ച് പ്രസ്താവിക്കുകയുണ്ടായി. പ്രസ്താവ്യമായ കരാറിൻെറ കാര്യവും ഈ മന്ത്രിയാണ് വെളിപ്പെടുത്തിയതു്.

ആഴ്ചയിൽ രണ്ടു വട്ടം ടെലഫോൺ ബന്ധം ഇരുരാഷ്ട്രങ്ങളും തമ്മിൽ ഇപ്പോൾ നിലവിലുണ്ട്.

—0—

ചീന സന്ദർശിക്കാൻ ഷേക്കിനു് ക്ഷണം

(പി. ടി. ഐ) കറാച്ചി മാ. 28

ചീന സന്ദർശിക്കാൻ ഷേക്ക്മുജീബുള്ളയെ ചീന ക്ഷണിച്ചിരിക്കുന്നു.

ചൈനീസ് വിദേശകാര്യമന്ത്രി മാർഷൽ ചെൻയിക്ക് കറാച്ചി മുനിസിപ്പൽ കോർപറേഷൻ ഇന്നലെ നൽകിയ ഒരു ഡിന്നർസൽക്കാരത്തിൽവച്ച് പാക് വിദേശകാര്യമന്ത്രി ഭൂട്ടോ ആണ് ഈ വിവരം വെളിപ്പെടുത്തിയതു്.

ഷേക്കിൻെറ വിദേശപര്യടനവേളയിൽ അദ്ദേഹം നടത്തുന്ന പ്രസംഗങ്ങൾക്കും മറ്റും പ്രവർത്തനങ്ങൾക്കും പാക്പത്രങ്ങൾ വന്നിച്ച പ്രസിദ്ധീകരണം നൽകിവരുന്നുണ്ട്.

പക്ഷേ ഷേക്ക്ബുള്ളയുടെ ക്ഷണം സ്വീകരിക്കുമെന്നു് ഇതുവരെ തീർത്തുമാക്കുന്നില്ല. ഒരു ഇന്ത്യൻ പൌരനായ അദ്ദേഹം ഇന്ത്യൻ പാസ്പോർട്ടോടുകൂടിയാണ് പര്യടനം നടത്തുന്നതു്.

....

നേതാജി പ്രത്യക്ഷപ്പെട്ടാൽ

[പി. ടി. ഐ.]

ന്യൂഡൽഹി മാ: 29

നേതാജി സുഭാസ് ചന്ദ്രബോസ് ഇന്ത്യയിൽ പ്രത്യക്ഷപ്പെടുകയാണെങ്കിൽ നമ്മുടെ എല്ലാവരും മഹാന്മാരായ ഹീറോകളിലൊരാളെന്നനിലയിൽ താൻ അദ്ദേഹത്തെ സ്വാഗതം ചെയ്യുമെന്ന് പ്രധാനമന്ത്രി മി. ലാൽബഹദൂർശാസ്ത്രി ഇന്ന് ലോക്സഭയിൽ പറഞ്ഞു.

ഷോംമാരി ആശ്രമത്തിലെ സന്യാസി ചന്ദ്രബോസാണെന്ന റിപ്പോർട്ടുകളെ സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടിപറയുകയായിരുന്നു അദ്ദേഹം. ഈ റിപ്പോർട്ട് നിഷേധിക്കപ്പെട്ടിട്ടുള്ളതാണെന്നു മി. ശാസ്ത്രി പറഞ്ഞു. ഈ സഭയിൽ ഇക്കാര്യം വീണ്ടും ഉന്നയിക്കുന്നതിൽ തനിക്ക് അതിയായ ഖേദമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

താൻ നേതാജി സുഭാസ് ചന്ദ്രബോസല്ലെന്ന് ഷോംമാരി ആശ്രമത്തിലെ സന്യാസിതന്നെ അനേകം പ്രാവശ്യം പ്രഖ്യാപിച്ചിട്ടുള്ളതാണെന്ന് പ്രധാനമന്ത്രി ശാസ്ത്രി വരണാസിയിൽ ചെയ്ത ഒരു പ്രസ്താവനയിൽ പാർലമെൻററി സിക്രട്ടറി മി. ലളിത്സെൻ നേതെത്തെ മി. എസ്. എം. ബാനർജിയേയും മറ്റുള്ളവരേയും അറിയിച്ചിരുന്നു. എന്നിരിക്കലും പശ്ചിമബങ്കാൾ മുഖ്യമന്ത്രി ഇക്കാര്യത്തിൽ വീണ്ടും ബന്ധം പുലർത്തുന്നതായിരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ പശ്ചിമബങ്കാൾ ഗവണ്മെണ്ട് ഇതുവരെ നടത്തിയ അന്വേഷണത്തിൽ സന്യാസി നേതാജിയല്ലെന്നു തെളിഞ്ഞിട്ടുണ്ട്.

....

അൽബാമയെ ഒറപ്പെടുത്തുവാൻ ആഹ്വാനം

ഡോ. മാർട്ടിൻ ലൂതർകിംഗിൻെറ പ്രസംഗം

[റോയിട്ടർ] സാൻഫ്രാൻസിസ്കോ, മാർച്ച് 29

അൽബാമ സംസ്ഥാനത്തോട് ദേശവ്യാപകമായ ഒരു സാമ്പത്തിക ബഹിഷ്കരണം ഏർപ്പെടുത്തുവാൻ താൻ ആഹ്വാനം ചെയ്യുമെന്ന് ഡോ. മാർട്ടിൻ ലൂതർ കിങ്ങ് ഇന്നലെ രാത്രി പ്രസ്താവിച്ചിരിക്കുന്നു.

അൽബാമായിലെ ഉല്പന്നങ്ങൾ കടത്തുന്നതു് നിരസിക്കുവാൻ രാഷ്ട്രമെങ്ങുമുള്ള ടേഡ്യൂണിയനുകളോടു് താൻ ആവശ്യപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. അൽബാമ ഉല്പന്നങ്ങൾ വാങ്ങാൻ കൂട്ടാക്കരുതെന്നു് അമേരിക്കൻ ജനതയോടു് താൻ ആഹ്വാനം ചെയ്യും. ആ സംസ്ഥാനത്തെ ഫെഡറൽബാങ്കുകളിൽനിന്നും, നിക്ഷേപങ്ങൾ പിൻവലിക്കുവാൻ ട്രഷറി വകുപ്പിനോടും താൻ അഭ്യർത്ഥിക്കുമെന്നും ഡോ. കിംഗ് പ്രസ്താവിച്ചു.

ജീവനും സുരക്ഷിതത്വവും വോട്ടവകാശവും നിരസിക്കുന്ന ആ സംസ്ഥാനത്തോടുള്ള സഹായങ്ങളും നിർത്തിക്കളയുവാൻ താൻ ഫെഡറൽ ഏജൻസിയോടഭ്യർത്ഥിക്കും.

സെൽമായിൽനിന്നും മോണ്ടിഗോമറിയിലേക്ക് നടന്ന പൌരവകാശമാച്ചിൻെറ സമാപനറാലിയിൽ നടന്ന മിസിസ്സ് വൈലല്യൂസ്സോയുടെ മരണം, വോട്ടവകാശം അഭ്യർത്ഥിച്ചുകൊണ്ടുള്ള മെമ്മോറാണ്ടം സ്വീകരിക്കുവാൻ അൽബാമ ഗവണ്മെൻറ് മി. വാലസ് കൂട്ടാക്കാതിരുന്ന സംഭവം എന്നിവയെല്ലാം കാണിക്കുന്നു, ആ സംസ്ഥാനത്തിനെതിരായി രാഷ്ട്രം ഉയിർകൊള്ളണമെന്നതു് ഒരാവശ്യമായിരിക്കുന്നുവെന്നാണെന്നും ഡോ. കിംഗ് പറഞ്ഞു.

നീഗ്രോകൾക്കെതിരെ നടക്കുന്ന ഭീഷണിയും കൊലപാതകവും അവസാനിപ്പിക്കുന്നതുവരെ അൽബാമയിലും ദക്ഷിണ അമേരിക്കയിലും പ്രകടനങ്ങൾ തുടരുകതന്നെ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ഇവിടെയുള്ള ഒരു ആഫ്രിക്കൻ കത്തീഡ്രലിൽ ഒരു പ്രസംഗം ചെയ്യുന്നതിനായാണ് ഡോ. കിംഗ് ഇവിടെ എത്തിയതു്. പ്രസംഗസമയത്തു് അദ്ദേഹത്തിനു പിന്നിൽ പഠിപ്പിരാറിൽ ഒരു സംഘർഷാവസ്ഥ ഉരിച്ച ഒരു പോലീസുകാരൻ കാവൽ നിന്നിരുന്നു. 2പോലീസുകാർ പഠിപ്പിരാറിനു് താഴേയും നിലയുറപ്പിച്ചിരുന്നു.

—

മൗണ്ട്ബാറാനോട് മടപ്പ്

പാക് സന്ദർശനം റദ്ദാക്കി

(പി. ടി. ഐ) കറാച്ചി, മാ 29

ബ്രിട്ടീഷ് കോമൺവെൽത്തു് ഇമിഗ്രേഷൻ മിഷൻെറ നേതാവായ മൗണ്ട്ബാറാൻ പ്രഭുവിൻെറ നിർദ്ദിഷ്ടപാക്കിസ്ഥാൻ സന്ദർശനം ഉപേക്ഷിക്കേണ്ടിവന്നിരിക്കുന്നു. അത്തരം ഒരു സന്ദർശനത്തിൽ പാക്കിസ്ഥാൻഗവണ്മെൻറ് അതൃപ്തി രേഖപ്പെടുത്തിയതിനെ തുടർന്നാണ് ഈ പരിപാടി വേണ്ടെന്നുവെച്ചതു്.

മി. മൗണ്ട്ബാറാനോട് ഇപ്പോഴും ബദ്ധവിരോധത്തിൽ കഴിയുന്ന പാക്കിസ്ഥാനികളിൽ പ്രകടിപ്പിച്ച ശക്തിയായ അതൃപ്തിയാണ് മൗണ്ട്ബാറാൻപ്രഭുവിൻെറ ഈ യാത്ര റദ്ദാക്കുന്നതിൽ സ്വാധീനംചെലുത്തിയതെന്നു് പാക്കിസ്ഥാൻ പ്രസ് അസോസിയേഷൻ ന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്തു. അദ്ദേഹം ഇന്ത്യയുടെ ഗവണ്മെൻറ് ജനറലായിരുന്നപ്പോൾ തങ്ങളുടെ രാജ്യത്തിനെതിരായി 'അന്യായമായി' നടത്തിയ പെരുമാറ്റം ഇന്നും അവർ മറന്നിട്ടില്ലെന്നു് എന്നിരിക്കലും, ഈ മിഷനിലെ മറ്റു മെമ്പർമാർക്ക് പാക്കിസ്ഥാൻ സന്ദർശിക്കാമെന്ന് പാക് അധികൃതർ ഉണ്ടാക്കി അറിയിച്ചിട്ടുണ്ട്. മൗണ്ട്ബാറാൻപ്രഭു പാക്കിസ്ഥാനിലേയ്ക്കു് വരുന്നില്ലെന്നു് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ വക്താവ് പ്രസ്താവിച്ചതായി പ്രസ്തുത വാർത്താ ഏജൻസി പറയുന്നു.

മിഷനിലെ മറ്റുമെമ്പർമാർ എപ്പോൾ പാക്കിസ്ഥാനിലെത്തുമെന്നുള്ള കാര്യം ഈ വക്താവ് പറഞ്ഞില്ല.

—

ഉച്ചഭക്ഷണം കഴിച്ച 11 സ്കൂൾകുട്ടികൾ മരിച്ചു

(പി. ടി. ഐ.) ഹുബ്ലി, മാ 29

ഇവിടെനിന്നു് 50 നാഴിക ദൂരെയുള്ള ഗഡഗിൽ കഴിഞ്ഞ രണ്ടു ദിവസത്തിനുള്ളിൽ പതിനൊന്നു് സ്കൂൾകുട്ടികൾ ഭക്ഷ്യവിഷബാധമൂലം മരിക്കുകയുണ്ടായി.

ഏതാനും കുട്ടികൾ ഗഡഗ് ആസ്പത്രിയിൽ ചികിത്സയിലാണു്.

സ്കൂളിൽ നല്കപ്പെട്ട ഉച്ചഭക്ഷണംകഴിച്ചതിനുശേഷമാണു് കുട്ടികൾക്കു് ഭക്ഷ്യവിഷബാധയേറ്റതെന്നു് പറയപ്പെടുന്നു. ജില്ലാ അധികൃതർ സ്ഥലത്തെത്തി കുട്ടികളുടെ ചികിത്സക്കു് ആവശ്യമായ ഏർപ്പാടുകൾ ചെയ്തു.

....

കാശ്മീർ പ്രശ്നത്തിൽ കയ്യിട്ടുന്നവർ നമ്മുടെ ശത്രു

[പി ടി ഐ] ജമ്മു, മാർച്ച്, 29

ഇന്ത്യയുമായുള്ള കാശ്മീരിൻെറ ബന്ധത്തിൽ കയ്യിടുന്ന ഏതൊരാളേയും നമ്മുടെ ശത്രുവായി പരിഗണിക്കുന്നതാണെന്നു് കാശ്മീർ പ്രധാന മന്ത്രി ജി. എം. സാദിക് കഴിഞ്ഞ രാത്രി പ്രസ്താവിച്ചിരിക്കുന്നു.

'കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണ്. സൂര്യനുള്ളകാലം ശത്രുക്കളും ഒരുപോലെഅതു് മനസ്സിലാക്കണം.'

ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കാശ്മീർ ഒരു മുസ്ലീം ഭൂരിപക്ഷ സംസ്ഥാനമായതുകൊണ്ടു് അതു് പാക്കിസ്ഥാനോടു ചേരണമെന്ന വാദം അദ്ദേഹം തിരസ്കരിച്ചു അയ്ക്യത്തിനുമായ ഒരു വാദമാണിതു്. ഭൂമിയിലുള്ള നിരവധി മുസ്ലീം രാഷ്ട്രങ്ങളുടെ അവയിൽ ചിലതു പരസ്പരം മിത്രഭാവേനയും മറ്റു ചിലതു് ശത്രുഭാവേനയും വർത്തിക്കുന്നു. ഇവയെല്ലാം കൂടി കണക്കാക്കുകയും അങ്ങനെ ഭൂമിയിലുള്ള മുസ്ലീം രാഷ്ട്രം ഉടയും ചെയ്യുകയും ചെയ്താൽ മാത്രമേ പാക്കിസ്ഥാൻെറ വാദത്തിനു് പ്രബലപ്രമുള്ള. പക്ഷെ കാര്യങ്ങളുടെ കിടപ്പു് അങ്ങിനെയല്ലല്ലോ.

ഷേക അബ്ദുള്ളയുടെ ജനാധിപത്യാനുകൂലപരിശോധനാവാദത്തെ സാങ്കികമായി ആക്ഷേപിച്ചു.

—

തിബത്തിലെ മനുഷ്യാവകാശമർദ്ദനം

ഇന്ത്യ തികച്ചും എതിരാണെന്നു് സ്വരൺസിങ്ങ്

(പി. ടി. ഐ.) ന്യൂഡൽഹി മാ. 29

ചൈനീസ് അധിനിവേശത്തിനിന്നു് തിബത്തൻജനതക്ക്നേരിടേണ്ടിവരുന്ന പീഡനങ്ങളെ ഇന്ത്യാ ഗവണ്മെണ്ട് അപലപിക്കുന്നുവെന്നു വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് ഇന്നു ലോകസഭയിൽ പ്രസ്താവിച്ചു. തിബത്തിലെ ജനങ്ങളുടെ മൌലീകമായ മനുഷ്യാവകാശങ്ങളെ ചൈന നിഷേധിക്കുന്നതിലും തിബത്തിൻെറ പ്രത്യേക ഭരണാധികാരത്തെ അടിച്ചമർത്തുന്നതിലും ഇന്ത്യാ ഗവണ്മെണ്ട് തികച്ചും എതിരാണെന്നു് അദ്ദേഹം പറഞ്ഞു.

....

പനമ്പിള്ളി സംയുക്ത പ്രോഗ്രാം കമ്മറിയിലേക്കു്

[പി. ടി. ഐ] എറണാകുളം മാ. 29

തിരുവനന്തപുരം-കോഴിക്കോട് റേഡിയോ നിലയങ്ങളുടെ സംബന്ധിച്ച സംയുക്ത പ്രോഗ്രാം ഉപദേശക സമിതിയിലെ ഒരു മെമ്പറായി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. പി. യെ രണ്ടു കൊല്ലക്കാലത്തേക്ക് നോമിനേറ്റ് ചെയ്തിരിക്കുന്നതായി ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

....

ഭാഷാപതുങ്ങൾക്കു് ഗവ: പരസ്യങ്ങൾ

(പി ടി ഐ) ന്യൂഡൽഹി, മാ 29

പരസ്യങ്ങൾ നൽകുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള ഭാഷാപതുങ്ങളുടെ പട്ടിക ഗവണ്മെണ്ടു് വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നു് വാർത്താവിനിമയ പ്രക്ഷേപണ വകുപ്പു ഡെപ്യൂട്ടിമന്ത്രി മി. സി. ആർ. പട്ടാഭിരാമൻ ഇന്നു് ലോക്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

പ്രകാശ്വർശാസ്ത്രിയുടേയും മറ്റും ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. നടപ്പുവർഷത്തിൽ 822-ഭാഷാപതുങ്ങൾക്ക് ഗവണ്മെണ്ടു് പരസ്യം ലഭിക്കുന്നുണ്ടെന്നു് അദ്ദേഹം പറഞ്ഞു.

രാഷ്ട്രത്തിൻെറ അടിസ്ഥാനപരമായ അഭേദ്യതയും ഐക്യവും ചോദ്യംചെയ്യുന്നതോ അല്ലീലസാഹിത്യങ്ങളും എഴുതുന്നതോ ആയ പതുങ്ങൾക്ക് ഒരു പരസ്യവും ഗവണ്മെണ്ടു് നൽകിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

—0—

ഹിന്ദിവിരുദ്ധ പ്രക്ഷോഭണത്തിൽ 7 പേർ ആത്മാഹുതിചെയ്തു

വീട്ടുവഴക്കും രോഗവും മരിക്കാൻ കാരണമായിരുന്നുവെന്നു്

(പി. ടി. ഐ.) മദിരാശി, മാ. 29

ഇപ്പോൾ നടന്ന ഹിന്ദിവിരുദ്ധപ്രക്ഷോഭണത്തിനിടയിൽ വ്യക്തികൾ ആത്മാഹുതിചെയ്ത 7 കേസ്സുകളാണെന്നായിട്ടുള്ളതെന്നു് മുഖ്യമന്ത്രി ഭക്തവത്സലം മദിരാശി നിയമസഭയിൽ പ്രസ്താവിച്ചു.

വീട്ടുവഴക്കുകൊണ്ടും, രോഗം എന്നിവയും ഈ കടുംകൃത്യത്തിനു് പ്രേരിപ്പിച്ചിട്ടുണ്ടെന്നു് അന്വേഷണത്തിൽനിന്നും തെളിയുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

—

അശ്വനീകുമാറിനു് അനുമോദനം

[പി. ടി. ഐ.] ന്യൂഡൽഹി മാ. 29

കൈറോൺ വധകേസിലെ ഒരു പ്രധാന പുള്ളിയെന്നു കരുതപ്പെടുന്നതായ സച്ചാസിങ്ങിനെ പിടികൂടിയതിൽ പ്രകടിപ്പിച്ച മുൻകയ്യിനും, ധീരതക്കും അശ്വിനികുമാറിനേയും, പോലീസ് പാർട്ടിയിൽപെട്ട മറ്റുള്ളവരേയും പഞ്ചാബു് മുഖ്യമന്ത്രി രാംകിഷനും, ആഭ്യന്തരമന്ത്രി ദർബാറാസിങ്ങും അനുമോദിച്ചിരിക്കുന്നു.

നേപ്പാളിൽനിന്നു് വിമോചിതരായ കുമാരും, പാട്ടിയും ഇന്നലെയാണു് ഇവിടെ എത്തിച്ചേർന്നതു്.

....

പെട്ടെന്നു തീരുമാനങ്ങൾ ഉണ്ടാവില്ല

ജനനനിയന്ത്രണത്തെ സംബന്ധിക്കുന്ന വത്തിക്കാൻ കമ്മീഷൻെറ ചർച്ച

(റോയിട്ടർ) റോം, മാ. 28

ജനനനിയന്ത്രണപ്രശ്നത്തെ സംബന്ധിച്ചു് പഠനം നടത്തിക്കൊണ്ടിരിക്കുന്ന പ്രത്യേക കമ്മീഷനോടു് കാര്യങ്ങൾ തുറന്നുപറയുവാനും, കഴിയുന്ന വേഗത്തിൽ തീരുമാനങ്ങളിൽ എത്തുവാനും പോപ്പ് മാർപ്പാപ്പതിരുമേനി നിർദ്ദേശിച്ചിരിക്കുന്നു.

ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നുള്ള അവപതോളം വിദഗ്ധന്മാർ വൈദികരും, ഡോക്ടർമാരും, മനശ്ശാസ്ത്രവിശാരദന്മാരും അവരിൽ ഉൾപ്പെടുന്നു. തങ്ങളുടെ രഹസ്യചർച്ചകൾ നാളെ അവസാനിപ്പിക്കുമെന്നാണ് കരുതുന്നതു്. കമ്മീഷൻെറ സമ്മേളനങ്ങൾ ഇനിയും നടക്കുമെന്നു് പ്രതീക്ഷിക്കുന്നു. പെട്ടെന്നു് തീരുമാനങ്ങളിൽ എത്തുകയെന്ന കാര്യം സാദ്ധ്യമല്ലെന്നു് ഒരു കമ്മീഷൻ അംഗം പ്രസ്താവിച്ചു. അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും ഒരു പരിഹാരം കാണണമെന്നുള്ള ആഗ്രഹം ശക്തിമത്താണെന്നു് അദ്ദേഹം തുടർന്നു് പറഞ്ഞു.

....

ജില്ലാ സദാചാര സമിതികൾ

(പി ടി ഐ) തിരുവനന്തപുരം, മാ 29

സംസ്ഥാനത്തു് നാലു് ജില്ലാ സദാചാരസമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നു കേരളപ്രദേശ് സംയുക്ത സദാചാരസമിതിയുടെ പ്രസിഡണ്ടു് ഏ. എൻ. തമ്പി ഇന്നിവിടെ പ്രസ്താവിച്ചു.

ആലപ്പുഴ, തൃശൂർ, കോഴിക്കോടു്, പാലക്കാടു് എന്നീ ജില്ലകളിലാണു് സമിതികൾ രൂപീകരിച്ചിട്ടുള്ളതു്. കണ്ണൂർജില്ലയിലും ഒരു സമിതി രൂപീകരിക്കുന്നുണ്ടു്.

—

അശ്വനീകുമാറിനു് അനുമോദനം

[പി. ടി. ഐ.] ന്യൂഡൽഹി മാ. 29

കൈറോൺ വധകേസിലെ ഒരു പ്രധാന പുള്ളിയെന്നു കരുതപ്പെടുന്നതായ സച്ചാസിങ്ങിനെ പിടികൂടിയതിൽ പ്രകടിപ്പിച്ച മുൻകയ്യിനും, ധീരതക്കും അശ്വിനികുമാറിനേയും, പോലീസ് പാർട്ടിയിൽപെട്ട മറ്റുള്ളവരേയും പഞ്ചാബു് മുഖ്യമന്ത്രി രാംകിഷനും, ആഭ്യന്തരമന്ത്രി ദർബാറാസിങ്ങും അനുമോദിച്ചിരിക്കുന്നു.

നേപ്പാളിൽനിന്നു് വിമോചിതരായ കുമാരും, പാട്ടിയും ഇന്നലെയാണു് ഇവിടെ എത്തിച്ചേർന്നതു്.

....

പെട്ടെന്നു തീരുമാനങ്ങൾ ഉണ്ടാവില്ല

ജനനനിയന്ത്രണത്തെ സംബന്ധിക്കുന്ന വത്തിക്കാൻ കമ്മീഷൻെറ ചർച്ച

(റോയിട്ടർ) റോം, മാ. 28

ജനനനിയന്ത്രണപ്രശ്നത്തെ സംബന്ധിച്ചു് പഠനം നടത്തിക്കൊണ്ടിരിക്കുന്ന പ്രത്യേക കമ്മീഷനോടു് കാര്യങ്ങൾ തുറന്നുപറയുവാനും, കഴിയുന്ന വേഗത്തിൽ തീരുമാനങ്ങളിൽ എത്തുവാനും പോപ്പ് മാർപ്പാപ്പതിരുമേനി നിർദ്ദേശിച്ചിരിക്കുന്നു.

ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നുള്ള അവപതോളം വിദഗ്ധന്മാർ വൈദികരും, ഡോക്ടർമാരും, മനശ്ശാസ്ത്രവിശാരദന്മാരും അവരിൽ ഉൾപ്പെടുന്നു. തങ്ങളുടെ രഹസ്യചർച്ചകൾ നാളെ അവസാനിപ്പിക്കുമെന്നാണ് കരുതുന്നതു്. കമ്മീഷൻെറ സമ്മേളനങ്ങൾ ഇനിയും നടക്കുമെന്നു് പ്രതീക്ഷിക്കുന്നു. പെട്ടെന്നു് തീരുമാനങ്ങളിൽ എത്തുകയെന്ന കാര്യം സാദ്ധ്യമല്ലെന്നു് ഒരു കമ്മീഷൻ അംഗം പ്രസ്താവിച്ചു. അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും ഒരു പരിഹാരം കാണണമെന്നുള്ള ആഗ്രഹം ശക്തിമത്താണെന്നു് അദ്ദേഹം തുടർന്നു് പറഞ്ഞു.

....

"ഡൽഹി ദഹാഗ്രാമിനെ ആക്രമിച്ചതെ"

പാക്ക് പ്രചരണത്തിൻെറ പോക്ക്

(പി. ടി. ഐ) കറാച്ചി മാ: 29

ദഹാഗ്രാമിനെ സംബന്ധിക്കുന്ന യഥാർത്ഥ പ്രശ്നം അതിൻെറ സ്ഥാപനത്തെ ചൊല്ലിയുള്ള തർക്കമാണെന്നും ഇന്ത്യ പുനഃസ്ഥാപിക്കുകയാണെന്നു് ഒരു പാക്ക് വിദേശകാര്യാലയവക്താവു് പ്രസ്താവിച്ചിരിക്കുന്നു.

ഇതിനെ സംബന്ധിക്കുന്ന ഇന്ത്യയുടെ നാലിനാവശ്യത പ്രശ്നത്തെ കളങ്കപ്പെടുത്തുവാനുള്ള ഒരു ശ്രമമാണെന്നു് വക്താവു് പറഞ്ഞു.

ദഹാഗ്രാമിലേക്ക് പോകുന്നതിനു് പാക്ക് അധികൃതർക്ക് ഇന്ത്യ പെർമിറ്റുകൊടുത്തിട്ടില്ലെന്ന പ്രചരണം നിഷേധിച്ചുകൊണ്ടു് പാക്കിസ്ഥാൻ അധികൃതരിൽനിന്നും ഇവിടെയുള്ള ഔദ്യോഗികകേന്ദ്രത്തിൽ ലഭിച്ചതു്.

മാർച്ച് 2-ം തീയതിയാണ് ഈ മേഖലയിൽ പാക്കിസ്ഥാൻ വെടിവെപ്പ് ആരംഭിച്ചതു്. മാർച്ച് 18-ാംതീയതി മുതൽ അതു് കൂടുതൽശക്തി പ്രാപിക്കുകയും ഇന്നുരാവിലെ 7-40 വരെ തുടരുകയും ചെയ്തു.

വിശദവരങ്ങളെപ്പറ്റി ചർച്ചചെയ്വാൻ ഇന്ത്യയുടേയും പൂർവ്വപാക്കിസ്ഥാൻേറയും മേഖലാകമാൻഡർമാർ അടുത്തുതന്നെ കേന്നാതാണ്.

....

സിലോണിൽ 16-പാർലമെൻററി സിക്രട്ടറി മാരും സത്യപ്രതിജ്ഞ ചെയ്തു

(പി ടി ഐ) കോളംബൊ, മാ 29

സിലോൺ ഗവണ്മെൻറ് ജനറൽ മി വില്യം ഗോപല്ലവയുടെ മന്ത്രികൌൺസിലിലേക്കു് 16 പാർലമെൻററി സിക്രട്ടറിമാർ സത്യപ്രതിജ്ഞചെയ്തു് അധികാരമേറ്റിരിക്കുന്നു.

ഒരാളെകൂടി ഈ സ്ഥാനത്തേക്കു് ഇനിയും നിയമിക്കേണ്ടതുണ്ടു്. മിസിസ് കുസുമരാജരത്നെ (ജതികവിമുക്തിപെരുമാനേതാവായ കെ. എം. പി. രാജരത്നെയുടെ ഭാര്യ) യും ഈ സിക്രട്ടറിമാരിൽ ഉൾപ്പെടുന്നു. അവരുടെ പാർട്ടിയിൽ വിജയിച്ചതു് അവർ മാത്രമായിരുന്നു. മറ്റുള്ള മെമ്പർമാരെല്ലാം യുണൈറേഡ് നേഷണൽ പാർട്ടിക്കാരാണു്. യുണൈറേഡ് നേഷണൽ പാർട്ടിയുടെ ഡെപ്യൂട്ടിനേതാവും സ്റ്റേറ് മന്ത്രിയുമായ മി. ജെ. ആർ. ജയവർദ്ധനെ, പ്രധാനമന്ത്രിയുടെ പാർലമെൻററി സിക്

തൊഴിലാളി

പോസ്റ്റ്മോസ്റ്റ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 മാർച്ച് 30-ാംതു- ചൊവ്വ

പൗരാവകാശപ്രകടനം

....o.....

സമീപകാല ചരിത്രസംഭവങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ് മാർച്ച് 25-ാംതിയതി കൊണ്ട് അവസാനിച്ച അമേരിക്കൻ കാപ്പിരികളുടെ പൗരാവകാശപ്രഖ്യാപ. സെൽമ മുതൽ മോണ്ട് ഗോമറിവരെയുള്ള 50 മൈൽ ദൂരമാണ് അവർ ജാഥ നടത്തിയത്. ജാഥക്ക് നേതൃത്വം നൽകിയത് സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയിട്ടുള്ള രണ്ടു നീഗ്രോ നേതാക്കന്മാരായിരുന്ന ഒന്ന് റവ. മാർട്ടിൻ ലൂതർകിങ്ങ്, മറേറതു റാൽഫ്ബൂഞ്ച്.

അമേരിക്കയിൽ വളരെ പഴയകാലം മുതൽത്തന്നെ സ്ഥിരതാമസക്കാരാക്കിയിട്ടുള്ള നീഗ്രോകൾക്ക് വെള്ളക്കാരെപ്പോലുള്ള പൗരാവകാശങ്ങളില്ല. വെള്ളക്കാരോടൊപ്പം ഒരേ സ്കൂളിലും കോളേജിലും പഠിക്കാൻ നിവൃത്തിമില്ലെന്നു, വെള്ളക്കാരോടൊപ്പം ചില സംസ്ഥാനങ്ങളിലെ ബസ്സുകളിൽ കയറാൻ സാധിക്കാത്തു, ഇടത്തരി പരിഷ്കൃതയുഗത്തിന് ഞെട്ടലുണ്ടാക്കുന്ന നിരവധി പാരതന്ത്ര്യങ്ങളിലാണ് ഇന്നും നീഗ്രോകൾ കഴിഞ്ഞുകൂടുന്നത്. അവർക്ക് വെള്ളക്കാരോടൊപ്പം അവകാശങ്ങൾ നൽകുന്നതിനുവേണ്ടി സുപ്രസിദ്ധ അമേരിക്കൻ പ്രസിഡണ്ടുമാരായിരുന്ന അബ്രാഹം ലിങ്കൺ, കെന്നഡി എന്നിവർ പടപൊരുതി അവസാനം ആ പ്രശ്നത്തിനുവേണ്ടി അവർ രക്തസാക്ഷികളായി. നീഗ്രോകൾക്ക് മറവള്ളവരോട് തുല്യമായ പൗരാവകാശങ്ങൾ കൊടുക്കുന്നതിനുവേണ്ടി അനവരതം ശ്രമിച്ചു പോന്നിട്ടുള്ളത് അവരുടെ മാത്രം നേതാക്കളല്ല; പിന്നെയൊ പ്രസ്തുത സമരത്തിന്റെ മുൻപന്തിയിൽ വെള്ളക്കാർ തന്നെയാണ് നിൽക്കുന്നുള്ളത്.

ഇത്തവണ നടന്ന പൗരാവകാശപ്രകടനജാഥയിൽ പങ്കെടുത്തതും നീഗ്രോകളും വെള്ളക്കാരും ഒന്നിച്ചാണ്. എട്ടുപേർ വെള്ളക്കാരും നീഗ്രോകളും ഇടകലർന്ന് രണ്ടു മൈൽ നീളത്തിൽ സംഘടിപ്പിച്ച പ്രസ്തുത ജാഥ അമേരിക്കൻ തെക്കൻ സംസ്ഥാനങ്ങളിൽ ചരിത്രത്തിലൊരിക്കലും ഉണ്ടായിട്ടില്ലാത്ത വലിയൊരു സംഭവമായിരുന്നു. ജാഥയെ നയിച്ചിരുന്നവരും ജാഥാംഗങ്ങളും അമേരിക്കയുടെ നക്ഷത്രപതാക അഭിമാനത്തോടുകൂടി ഉയർത്തിപ്പിടിച്ചിരുന്നു. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളുടെ അഖണ്ഡതയെ പുലർത്തുന്നതോടൊപ്പം ജാഥാംഗങ്ങൾ ആവശ്യപ്പെട്ടിരുന്നത് അമേരിക്കയുടെ ഉപരിമഹത്തത്തിനായി കൂടുതലധികം വെള്ളത്തവരെപ്പോലെ പൗരാവകാശങ്ങൾ അനുവദിച്ചുകിട്ടണം എന്നതു മാത്രമാണ്.

അലബാമയിലെ ഗവർണ്ണറായ വാലസാണ് നീഗ്രോകളുടെ അവകാശവാദത്തിനു മുമ്പിൽ ഏറ്റവും വലിയ ഉറച്ചാശിയോടുകൂടി വിലങ്ങുതടിയായി നില്ക്കുന്നത് നീഗ്രോകളുടെ ബഹു ഭൈരിയായിട്ടാണ് അദ്ദേഹത്തെയിന്നും അവരും ലോകവും കാണുന്നതു. "കന്നകുലുങ്ങിയാലും, ലോകം ഒന്നാകെ പറഞ്ഞാലും നീഗ്രോകൾക്ക തുല്യാവകാശങ്ങൾ കൊടുക്കുന്നതിനുള്ള പക്ഷാക്കരനാണ താനേഹം. പൗരാവകാശജാഥ വാലസിന്റെ ഓഫീസിനു മുമ്പിലൂടെ കടന്നുപോയപ്പോൾ കട്ടത്ത അമർഷത്തോടും പുച്ഛത്തോടുംകൂടി അദ്ദേഹമതു വീക്ഷിക്കുന്നതായിരുന്നു ജാഥാനേതാക്കൾ അദ്ദേഹത്തെ കാണാനാഗ്രഹിച്ചപ്പോൾ ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് ഇരുപതു പേരടങ്ങിയ ഒരു പ്രതിനിധിസംഘത്തെ സ്വീകരിക്കുമെന്നു അദ്ദേഹം സമ്മതിച്ചു. ജാഥയും മീറ്റിംഗുകളും കഴിഞ്ഞു ഇരുപതു പേർ വാലസിന്റെ ഓഫീസിൽ ചെന്നപ്പോൾ കേട്ട അദ്ദേഹത്തിന്റെ മറുപടി "എന്റെ ഓഫീസ് പൂട്ടിപ്പായിരിക്കുന്നു എന്നു". വിദ്വേഷമായാലും ഇല്ലെങ്കിലും വടയിപ്പോഴുന്ന അനുരഞ്ജനത്തിൽ വിശ്വാസമർപ്പിക്കുന്നതിനുവേണ്ടി അവരെ നേതാക്കന്മാർ പറയുകയായിരുന്നു, "വിണ്ണുവിഴുങ്ങിയാലും വലുതും ഇപ്പോഴും തീർച്ചപ്പെടുത്തിയിട്ടില്ലാത്ത ഏതുകാര്യം അതിന്റെ ശരിയായ സ്ഥാനം എതു മിലവുചെയ്തു നടത്തണം എന്ന കാര്യം ചർച്ചചെയ്തു തീരുമാനിക്കുന്നതിനുവേണ്ടി അധികകാലതാമസമില്ലാതെ ഇക്കാര്യം വാലസിനും ബോദ്ധ്യപ്പെടുമെന്നു നമുക്ക് പ്രതീക്ഷിക്കാം

നീഗ്രോകളുടെ അവകാശങ്ങളെ തിരഞ്ഞെടുക്കുന്ന ഒരമേരിക്കൻ ഭീകരസംഘമാണ് കുക്ലുക്സ്ക്ലാൻ (Kukluxklan) ഇതിനെ തകത്തെ അടങ്ങു എന്നു അമേരിക്കൻ പ്രസിഡണ്ടു ജോൺസൺ പ്രസ്താവിച്ചതു വണ്ണവിവേചനനയത്തെ നേരിടുന്നതിനുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ കാണിക്കുന്നുണ്ട്. മുൻഗാമിയുടെ അന്തുമെന്താണെന്നു മനസ്സിലാക്കിയിട്ടും അദ്ദേഹം ഉയർത്തിപ്പിടിച്ച ആശയങ്ങൾക്കുവേണ്ടിയും കൈവെടിയാതെ സംരക്ഷിക്കുന്നതിനുള്ള ജോൺസന്റെ തീരുമാനം തീർത്തും അത്ഭുതത്തയെയാണു' കുറിക്കുന്നതു്. നീഗ്രോകൾക്ക് ഇന്നത്തെ അമേരിക്കൻ പ്രസിഡണ്ടു് നല്ലൊരു തണലിയാണ്.

....o.....

റേഡിയോ

മാർച്ച് 30 ചൊവ്വ.
തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ.

കാലത്തു്

6-30 മംഗളവാദ്യം, സുഭാഷിതം
6-35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകൾ
6-40 വാർത്തകൾ ഇംഗ്ലീഷിൽ
6-45 ഉദയഗീതം
7-15 ഇന്നത്തെ ചിന്താവിഷയം
7-20 ഭക്തിഗീതം
7-30 വാർത്തകൾ മലയാളത്തിൽ
7-45 ഗാനമാലിക
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 വായ്പാട്ടു് (വി. സുഭദ്രാ ഐയ്യർ)

ഉച്ചതിരിഞ്ഞു്

12-30 പ്രാദേശികവാർത്തകൾ
12-35 വായ്പാട്ടു് (എം. സേതുമാൻ)
1-05 വൃന്ദവാദ്യം
1-20 വാർത്തകൾ മലയാളത്തിൽ
1-30 ലളിതഗാനങ്ങൾ (പി. ലീല)
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ

രാത്രി

5-30 തൊഴിലാളിമണ്ഡലം
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 മലയാള പ്രഭാഷണം
7-10 ചലച്ചിത്ര ഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 വായ്പാട്ടു് (ടി. വി. കൃഷ്ണമൂർത്തി)
8-50 പാർലിമെന്റ് ഇന്നു്
8-55 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 പ്രഭാഷണം (ഇംഗ്ലീഷിൽ)
9-30 നാടകവാരം
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം.

....

എറണാകുളം വാർത്തകൾ

എറണാകുളം മാർച്ച് 29

വാഴക്കുളം ബ്ലോക്ക് പ്രദേശത്തുള്ള 10 പ്രൈമറി വിദ്യാലയങ്ങൾക്ക് അത്യാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 2000 രൂപയുടെ ഒരു പദ്ധതിയ്ക്ക് ബ്ലോക്ക് ഓഫീസർ അനുമതി നല്കിയിരിക്കുന്നു. കാരോട്ടുള്ളിയും ബന്ധുക്കളേയും തുടങ്ങിയ സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി വരുന്ന തുകയുടെ പകുതി (പരമാവധി 200രൂപ) സഹായധനമായി നൽകുന്നതിനു് ഈയുകവിനിയോഗിക്കുന്നതാണു്.

കന്നുകാലി ഷെഡ്ഡുകൾ പണിയാൻ ധനസഹായം

ഇടപ്പിള്ളി വികസന ബ്ലോക്കിൽ 40 കന്നുകാലി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനു് 10, 000 രൂപയുടെ ഒരു പദ്ധതിയ്ക്ക് ജില്ലാകളക്ടർ അനുമതി നല്കിയിരിക്കുന്നു. നിശ്ചിത മാതൃകയിലുള്ള ഷെഡ്ഡു് നിർമ്മിക്കുന്നതിനു് വേണ്ടി വരുന്ന ചെലവിന്റെ 25 ശതമാനം (പരമാവധി 250 രൂപ) പ്രസ്തുത പദ്ധതി അനുസരിച്ചു് കാരോട്ടുള്ളിക്കാരനും സഹായധനമായി നല്കപ്പെടുന്നതാണു്.

അനുമതി നല്കി

ഇളംദേശം വികസനബ്ലോക്കിന്റെ സാമൂഹ്യ വിദ്യാഭ്യാസപരിപാടികൾക്കുവേണ്ടി ഒരു ഉച്ചഭാഷിണിയും, കർട്ടനും വാങ്ങുന്നതിനു് ബ്ലോക്ക് ഫണ്ടിൽനിന്നു് 2000 രൂപ ചെലവഴിക്കുന്നതിനു് ജില്ലാ കളക്ടർ അനുമതി നല്കിയിരിക്കുന്നു.

മണ്ണുപരിശോധന പദ്ധതി

വാഴക്കുളം വികസന ബ്ലോക്കിൽ കൃഷിനിലങ്ങളിലെ മണ്ണു പരിശോധിക്കുന്നതിനു് 500 രൂപയുടെ ഒരു പദ്ധതിയ്ക്ക് ജില്ലാ കളക്ടർ അനുമതി നല്കിയിരിക്കുന്നു.

നടപ്പാലം നിർമ്മിക്കുന്നു

കുമ്പളം പഞ്ചായത്തിൽ പുഴയ്ക്കുകുറുകെ, എസ്സ്. ആർ. വി. പ്രൈമറി സ്കൂളിനും ഇടയ്ക്ക് കാപ്പിത്തോട്ടിൽ ഒരു നടപ്പാലം നിർമ്മിക്കുന്നതിനു് ബ്ലോക്ക് വികസനസമിതിയുടെ നിർദ്ദേശപ്രകാരം 1075 രൂപയുടെ ഒരു പദ്ധതിയ്ക്ക് ബി. ഡി. ക. അനുമതി നല്കിയിരിക്കുന്നു. നടപ്പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി വരുന്ന ചെലവിന്റെ നേർപകുതി ബ്ലോക്ക് ഫണ്ടിൽ നിന്നു നൽകപ്പെടുന്നതാണു്. ബാക്കി തുക പഞ്ചായത്തുകളിൽനിന്നു പിരിച്ചെടുക്കും.

തൊടുപുഴ ബ്ലോക്ക് വികസന സമിതി

മാർച്ച് 24-ാംതിയതിമുതൽ നിശ്ചയിച്ചിരുന്നതനുസരിച്ചു് വികസന സമിതിയോഗം മാർച്ച് 25-ാംതു വൈകുന്നേരം 3 മണിയ്ക്ക് ചേരുന്നതാണു്. വിവരം മാറിവെച്ചിരിക്കുന്നതായി ബി. ഡി. ക. അറിയിച്ചിരിക്കുന്നു.

ആരെയാണ് തുറന്നടിച്ചത്?

ഷെവലിയർ പെട്ടയുടെ കത്തിനു് ഒരു വിശദീകരണം

ഒരു യഥാർത്ഥ പരിഷ്കർത്താവ് അദ്ദേഹത്തിന്റെ പരിഷ്കാരങ്ങളെ എതിർക്കുന്നവരിൽ ഒരു വിഭാഗത്തെമാത്രം തന്റെ വിമർശനത്തിൽനിന്നു് ഒഴിച്ചുനിർത്തുമെന്നു് കരുതുന്നതു് സ്വാഭാവികമല്ല. 'ഷെവലിയർമാർ' പരിഷ്കാരങ്ങളെ എതിർത്തു. അതുകൊണ്ടു് 'ഷെവലിയർമാരെ' ആ യഥാർത്ഥ പരിഷ്കർത്താവും തന്റെ വിമർശനവലയത്തിൽനിന്നു് മാറിനിർത്തിയെന്നു് അവകാശപ്പെടാൻ യുക്തിചിന്ത സമ്മതിക്കുകയില്ല.

— മാത്യു മണിമല —

"ഷെവലിയർമാർക്കെതിരെമാത്രമാണ് തുറന്നടിക്കുന്നു" എന്ന ശീർഷകത്തിൽ മാർച്ചു് 19-ാംതീയതിയിലെ 'തൊഴിലാളി' റോയിട്ടറുടെ ഒരു വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. തൊഴിലാളിയുടെ ഈ ശീർഷകം പ. പിതാവിന്റെ പ്രസ്താവനയെ ഉർവ്യാഖ്യാനംചെയ്യുവെന്നാണ് കാണിച്ചു് ഷെവലിയർ പെട്ട പത്രാധിപർക്കു് ഒരു കത്തെഴുതി. ആ കത്തു് മാർച്ചു് 25-ാംതീയതിയിലെ തൊഴിലാളിയിൽ 'തലവാചകം ശരിയായിരുന്നോ?' എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. മാർപ്പാപ്പായുടെ തുറന്നടി ഷെവലിയർമാർക്കെതിരെ ആയിരുന്നില്ലെന്നു് സമർത്ഥിക്കാൻ ഈ കത്തിൽ ഷെവലിയർ പെട്ട ഒരു ശ്രമം നടത്തിയിരിക്കുന്നു. വായനക്കാരിലുമവയിട്ടുള്ള തെറ്റിദ്ധാരണ നീക്കേണ്ടതു് പത്രധർമ്മമാണെന്നു് അദ്ദേഹത്തിനും അഭിപ്രായമുള്ളതുകൊണ്ടു് ആ ധർമ്മം നിർവ്വഹിക്കപ്പെടേണ്ടതാണു്.

കത്തോലിക്കാസഭ ലോകമാസകലം അതിന്റെ ആരാധനാക്രമത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന കാലോചിതമായ മാറ്റങ്ങളേയും (അവ ഭാഷാസംബന്ധമോ, ക്രമനിഷ്ഠാനസംബന്ധമോ ആയിക്കൊള്ളട്ടെ) ഈ മാറ്റങ്ങൾക്ക് യാഥാസ്ഥിതികരിൽനിന്നു് നേരിടേണ്ടിവരുന്ന എതിർപ്പുകളേയും (അവ ഇറാലിയിൽനിന്നോ, കേരളത്തിൽനിന്നോ, ഷെവലിയർമാരിൽനിന്നോ വൈദികരിൽ നിന്നോ ആകട്ടെ) ഒന്നുകെ കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രമായ ഒരു ശീർഷകമായിരുന്നു 'തൊഴിലാളി'യുടേതു്. ഇവിടെ രണ്ടുകാര്യങ്ങളാണ് അടിസ്ഥാനപരമായിട്ടുള്ളതു്. ഒന്നു്, ആരാധനാക്രമത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും രണ്ടു്, അവയ്ക്കു നേരിടേണ്ടിവരുന്ന എതിർപ്പുകളും. രണ്ടും ഒരുപോലെ സ്വാഭാവികങ്ങളാണ്. പക്ഷേ ഈ മാറ്റങ്ങളുടേയും എതിർപ്പുകളുടേയും സ്വഭാവം വ്യത്യസ്തമാണ്. അതു് പല ഘടകങ്ങളേയും ആശ്രയിച്ചിരിക്കുന്നു. ഇറാലിയിൽ ഭാഷയുടെ മാറ്റം ലത്തീനിൽനിന്നു് ഇറാലിയനിലേക്കാണെങ്കിൽ ഇംഗ്ലണ്ടിൽ ലത്തീനിൽനിന്നു് ഇംഗ്ലീഷിലേക്കും കേരളത്തിൽ ലത്തീൻഭാഷയിൽനിന്നു് മലയാളത്തിലേയ്ക്കും സുറിയാനി ഭാഷയിൽനിന്നു് സുറിയാനിയിൽനിന്നു് മലയാളത്തിലേയ്ക്കുമാണ്. അതുപോലെതന്നെ ക്രമനിഷ്ഠാനങ്ങളുടെ കാര്യത്തിലും വിഭിന്ന രീതികളും പ്രാദേശികാചാരങ്ങളുമനുസരിച്ചു് വ്യത്യാസങ്ങളുണ്ട്. ഇറാലിയിലമാറ്റങ്ങളല്ല കേരളത്തിലെ സുറിയാനി കുഴപ്പാനയിൽ വരുത്തിയിട്ടുള്ളതു്.

സങ്കീർണ്ണതകാരണം

ഇനി, ഈ മാറ്റങ്ങളെ സംബന്ധിച്ച എതിർപ്പുകളും വിഭിന്നമാണ്. ചില മാറ്റങ്ങളുമായി ബന്ധപ്പെട്ടിടത്തോളം ഇറാലിയിലുണ്ടായ മാറ്റങ്ങളേയും അവയോടുള്ള എതിർപ്പുകളേയും വ്യക്തമായ സ്വഭാവം മനസ്സിലാക്കിയിരുന്നെങ്കിൽ 'തൊഴിലാളി'യുടെ ശീർഷകത്തിനും അർത്ഥവത്താണെന്നു് ബഹുമാനപ്പെട്ട ഷെവലിയർമാർ) ചില രാജ്യങ്ങളിൽ 'മാരകമായ ലത്തീൻഭാഷ' മാറാനിടയാക്കിയതു് ശക്തിയായ എതിർപ്പുണ്ടായിരുന്നു. അവിടെ മാറ്റങ്ങളുടെ സങ്കീർണ്ണതകൊണ്ടും—ആരാധനക്രമത്തിൽ വരുത്തിയ മാറ്റങ്ങളും അവയോടുള്ള എതിർപ്പുകളും.

വ്യക്തമായ ചിത്രം

സുപ്രധാനമായ ഈ വസ്തുതയാണ് 'തൊഴിലാളി'യുടെശീർഷകത്തിനാധാരം. ആരാധനക്രമത്തെസംബന്ധിച്ചേടത്തോളം ഇറാലിയിലുണ്ടായ മാറ്റങ്ങളേയും അവയോടുള്ള എതിർപ്പുകളേയും വ്യക്തമായ സ്വഭാവം മനസ്സിലാക്കിയിരുന്നെങ്കിൽ 'തൊഴിലാളി'യുടെ ശീർഷകത്തിനും അർത്ഥവത്താണെന്നു് ബഹുമാനപ്പെട്ട ഷെവലിയർമാർ) ചില രാജ്യങ്ങളിൽ 'മാരകമായ ലത്തീൻഭാഷ' മാറാനിടയാക്കിയതു് ശക്തിയായ എതിർപ്പുണ്ടായിരുന്നു. അവിടെ മാറ്റങ്ങളുടെ സങ്കീർണ്ണതകൊണ്ടും—ആരാധനക്രമത്തിൽ വരുത്തിയ മാറ്റങ്ങളും അവയോടുള്ള എതിർപ്പുകളും.

പറയണമെന്നുണ്ടായിരുന്നു. അതുകൊണ്ടു് ഇറാലിയിലെ ഭൂരിപക്ഷം യൂറോപ്യൻ രാജ്യങ്ങളിലും ഇതു് തികച്ചും തൃപ്തികരമായി പ്രകടിപ്പിക്കപ്പെട്ടുവരുന്നു. ഇങ്ങനെ പോകുന്നു എതിർപ്പുകളുടെ സങ്കീർണ്ണസ്വഭാവം.

മാറാനുള്ളടത്തേയും എതിർപ്പുകളുടേയും ഈ സങ്കീർണ്ണതകളെയെല്ലാം വിട്ടു് നമ്മുടെ ബുദ്ധിമണ്ഡലത്തിന്റെ സമഗ്രീകരണ സ്വഭാവം ശരിക്കും വിനിയോഗിച്ചാൽ നാം ആദ്യം പറഞ്ഞ രണ്ടു അടിസ്ഥാനകാര്യങ്ങളിൽ ചെന്നെത്തും—ആരാധനക്രമത്തിൽ വരുത്തിയ മാറ്റങ്ങളും അവയോടുള്ള എതിർപ്പുകളും.

വ്യക്തമായ ചിത്രം

സുപ്രധാനമായ ഈ വസ്തുതയാണ് 'തൊഴിലാളി'യുടെശീർഷകത്തിനാധാരം. ആരാധനക്രമത്തെസംബന്ധിച്ചേടത്തോളം ഇറാലിയിലുണ്ടായ മാറ്റങ്ങളേയും അവയോടുള്ള എതിർപ്പുകളേയും വ്യക്തമായ സ്വഭാവം മനസ്സിലാക്കിയിരുന്നെങ്കിൽ 'തൊഴിലാളി'യുടെ ശീർഷകത്തിനും അർത്ഥവത്താണെന്നു് ബഹുമാനപ്പെട്ട ഷെവലിയർമാർ) ചില രാജ്യങ്ങളിൽ 'മാരകമായ ലത്തീൻഭാഷ' മാറാനിടയാക്കിയതു് ശക്തിയായ എതിർപ്പുണ്ടായിരുന്നു. അവിടെ മാറ്റങ്ങളുടെ സങ്കീർണ്ണതകൊണ്ടും—ആരാധനക്രമത്തിൽ വരുത്തിയ മാറ്റങ്ങളും അവയോടുള്ള എതിർപ്പുകളും.

പറയണമെന്നുണ്ടായിരുന്നു. അതുകൊണ്ടു് ഇറാലിയിലെ ഭൂരിപക്ഷം യൂറോപ്യൻ രാജ്യങ്ങളിലും ഇതു് തികച്ചും തൃപ്തികരമായി പ്രകടിപ്പിക്കപ്പെട്ടുവരുന്നു. ഇങ്ങനെ പോകുന്നു എതിർപ്പുകളുടെ സങ്കീർണ്ണസ്വഭാവം.

മാറാനുള്ളടത്തേയും എതിർപ്പുകളുടേയും ഈ സങ്കീർണ്ണതകളെയെല്ലാം വിട്ടു് നമ്മുടെ ബുദ്ധിമണ്ഡലത്തിന്റെ സമഗ്രീകരണ സ്വഭാവം ശരിക്കും വിനിയോഗിച്ചാൽ നാം ആദ്യം പറഞ്ഞ രണ്ടു അടിസ്ഥാനകാര്യങ്ങളിൽ ചെന്നെത്തും—ആരാധനക്രമത്തിൽ വരുത്തിയ മാറ്റങ്ങളും അവയോടുള്ള എതിർപ്പുകളും.

സാവ്യതിക സ്വഭാവം

റോയിട്ടറുടെ വാർത്തയിൽ ഭാഷാമാറ്റത്തെ എതിർത്തവരെ മാതൃമൊമ്പാപ്പാവി മർശിച്ചിട്ടില്ലെന്നാണല്ലൊ ഷെവലിയർ പെട്ട പറയുന്നതു്. ഭാഷാമാറ്റത്തെ എതിർത്തവരെ വിമർശിച്ച മാപ്പാപ്പാ തീരുമേനി മറ്റു് പരിഷ്കാരങ്ങളെ എതിർത്തവരെ അനുമോദിച്ചുവെന്നു പറയാൻ എന്തു് ന്യായമുണ്ടെന്നു് എതു ചുഴിഞ്ഞാലോചിച്ചിട്ടും പിടികിട്ടുന്നില്ല. ക്രമനിഷ്ഠാനങ്ങളിൽ മാറാനുള്ളതിനെ എതിർത്ത ഇറാലിയിലെ ഒരു വിഭാഗം യാഥാസ്ഥിതികരേയും കേരളത്തിലെ ഷെവലിയർ മാരേയും മാത്രം മാപ്പാപ്പാ തന്റെ വിമർശന വലയത്തിൽനിന്നു് ഒഴിച്ചുനിർത്തിയെന്നു് പറഞ്ഞാൽ ആ യുക്തിചിന്ത ആക്കം ഉൾക്കൊള്ളുന്നതല്ല.

ഇനി ഭാഷാമാറ്റത്തോടു മാത്രമേ ഇറാലിയിൽ എതിർപ്പുള്ളുവെന്നു് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും കേരളത്തിലെ ഷെവലിയർമാർക്ക് രക്ഷയില്ല ഇറാലിയിൽ ഭാഷാമാറ്റത്തോടാണെതിർപ്പെങ്കിൽ കേരളത്തിൽ ക്രമനിഷ്ഠാനങ്ങളിലെ മാറ്റങ്ങളോടാണ്. ഒരു വിഭാഗം എതിർപ്പുകാരെ വിമർശിക്കുകയും മറെറാരു വിഭാഗം എതിർപ്പുകാരെ അനുമോദിക്കുകയും ചെയ്യുന്നതു് ഏതൊരു പരിഷ്കാരിയ്ക്കും ചേർന്നതല്ല. അതു് പരിഷ്കാരങ്ങളുടെ അന്തസ്സത്തയെ തുരങ്കംവെയ്ക്കലാണ്. കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ മാർപ്പാപ്പായിൽനിന്നു് അതൊട്ടും പ്രതീക്ഷിക്കേണ്ടതില്ല.

ഔചിത്യബോധം

മാപ്പാപ്പായ്ക്കു് തങ്ങാം ഒരു മെമ്മോറാണ്ടം നൽകിയിരുന്നുവെന്നും ഷെവലിയർപെട്ട സമ്മതിക്കുന്നു. അങ്ങനെയെങ്കിൽ, മാർപ്പാപ്പാ തീരുമേനി ഇറാലിയിലെ യാഥാസ്ഥിതികരെ വിമർശിച്ചപ്പോൾ അവരുടെ കേരളപ്രതിപുരുഷൻമാരായ ഷെവലിയർമാരെ എതിർത്തവരെ അനുമോദിച്ചുവെന്നു പറയാൻ എന്തു് ന്യായമുണ്ടെന്നു് എതു ചുഴിഞ്ഞാലോചിച്ചിട്ടും പിടികിട്ടുന്നില്ല. ക്രമനിഷ്ഠാനങ്ങളിൽ മാറാനുള്ളതിനെ എതിർത്ത ഇറാലിയിലെ ഒരു വിഭാഗം യാഥാസ്ഥിതികരേയും കേരളത്തിലെ ഷെവലിയർമ

പ്രസിഡണ്ടിന്റെ വിളംബരം റദ്ദ് ചെയ്യണം

എറണാകുളം ജനാധിപത്യ കൺവെൻഷന്റെ സുധീര പ്രഖ്യാപനം

ഏപ്രിൽ 6–ന് കേരളത്തിൽ കറുത്ത ദിനം ആചരിക്കുന്നു

എറണാകുളം, മാർച്ച് 28

മന്ത്രിസഭാ രൂപീകരണത്തിനുള്ള സാദ്ധ്യതകളുണ്ടോ എന്നു് വ്യക്തമായി പരിശോധിക്കാതെ കേരളത്തിൽ പ്രസിഡണ്ടു് ഭരണം നടപ്പാക്കുകയും പുതുതായി തെരഞ്ഞെടുക്കപ്പെട്ട നിയമസഭ പിരിച്ചുവിടുകയും ചെയ്തു കൊണ്ടു് ഇക്കഴിഞ്ഞ മാർച്ചു് 24നു് ഇന്ത്യൻ പ്രസിഡണ്ടു് നടത്തിയ വിളംബരം തള്ളിക്കളയണമെന്നു് ഇന്നിവിടെ ചേർന്ന ജനാധിപത്യ കൺവെൻഷൻ ഒരു പ്രമേയം മുഖേന ശക്തിയായഭാഷയിൽ കേന്ദ്രഗവർമ്മെണ്ടിനോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

എറണാകുളം ടൌൺ ഹാളിൽ ചേർന്ന ഈ കൺവെൻഷൻ വിളിച്ചുകൂട്ടിയതു് കമ്മ്യൂ. പാർട്ടി നേതാവു് ഇ. എം. എസ്. നംപൂതിരിപ്പാടു്, എസ്. എസ്. പി. ചെയർമാൻ പത്മശേഖരൻ, വല്ലഭപക്ഷ കമ്മ്യൂ. നേതാവു് സി. അച്ചുത മേനോൻ, കെ. ജി. പി. കുട്ടപ്പി ബി. വെല്ലിംഗ്ടൺ, ആർ. എസ്. പി. നേതാവു് ജി. ഗോപിനാഥൻനായർ, മത്തായി മാഞ്ഞൂരാൻ, വി. ആർ. കൃഷ്ണയ്യർ, എസ്. ഈശ്വരയ്യർ, പി. സുബ്രഹ്മണ്യം പോറ്റി എന്നീ കേരളത്തിലെ 9 പ്രമുഖ രാഷ്ട്രീയ നേതാക്കളായിരുന്നു. സ്റ്റേറ്റിന്റെ വിഭിന്നഭാഗങ്ങളിൽനിന്നായി 700ൽപരം പ്രതിനിധികളും കൺവെൻഷനിൽ പങ്കെടുക്കുകയുണ്ടായി.

കൺവെൻഷനിൽ പി. സുബ്രഹ്മണ്യം പോറ്റി അദ്ധ്യക്ഷം വഹിച്ചു.

അദ്ദേഹം ചെയ്ത പ്രസംഗത്തിൽ കേരളത്തിൽ വീണ്ടും പ്രസിഡണ്ടുഭരണം നടപ്പാക്കിയതിനാസ്പദമായ ഭരണഘടനാ 356–ാം വകുപ്പിന്റെ നിയമസാധുത്വത്തെ കോടതിയിൽ ചോദ്യം ചെയ്തുവരുന്നതല്ലെങ്കിലും കേന്ദ്രം അപൂർവ്വമായി അസാധാരണ സ്ഥിതിഗതികളിൽ മാത്രമേ ആ പ്രത്യേകാധികാരം ഉപയോഗിക്കുകയുള്ളുവെന്നാണു് ഭരണഘടനാ നിർമ്മാതാക്കൾ വിഭാവനം ചെയ്തിരുന്നതെന്നു് പറഞ്ഞു. അതുകൊണ്ടു് തിരഞ്ഞെടുപ്പു് കഴിഞ്ഞു് കേരളത്തിൽ കോൺഗ്രസ്സു് പാർട്ടിക്കു് ഗവർമ്മെണ്ടു് രൂപീകരിക്കാൻ കഴിയാതെ വരുന്ന അവസരങ്ങളിലെല്ലാം 356–ാം വകുപ്പനുസരിച്ചുള്ള അധികാരം ഉപയോഗപ്പെടുത്താനുള്ള കേന്ദ്രത്തിന്റെ പ്രവണതയെ പുരോഗമനവാദികളായ ജനാധിപത്യശക്തികൾ ചെറുക്കേണ്ടതാണെന്നു് അദ്ദേഹം നിർദ്ദേശിച്ചു.

നമ്പൂരിപ്പാടിന്റെ പ്രസംഗം

നംപൂതിരിപ്പാടു് ചെയ്ത പ്രസംഗത്തിൽ 29 എം. എൽ. എ. മാരുൾപ്പെടുന്ന ഇടസ്ഥിതി കമ്മ്യൂണിസ്റ്റുകാർ "ചീനാനുകൂലികളായ ഏജൻമാർ" ആണെന്നു് ആഭ്യന്തരമന്ത്രിയുടെ "മനോബോധത്തിന്നു വിധേയമായി" അവരെ വിചാരണകൂടാതെ തടങ്കലിൽ വച്ചിട്ടുള്ളതു് ജനാധിപത്യത്തിന്നു ഗുരുതരമായ വിപത്താണെന്നു പറഞ്ഞു. ഇന്ത്യയിലെ ചീഫ് ജസ്റ്റീസു്, പഞ്ചാബു് മുഖ്യമന്ത്രി കൈരോണിന്റെ പേരിലുണ്ടായിരുന്ന ആരോപണങ്ങളെക്കുറിച്ചു് അന്വേഷണം നടത്തിയ ജസ്റ്റീസു് ഷാ, ഒരു പ്രമുഖ ജൂറിസ്റ്റു് എന്നിവരടങ്ങിയ ഒരു പ്രത്യേക ട്രൈബ്യൂണലിനെകൊണ്ടു് അവരുടെ പേരിലുള്ള കുറ്റാ

ആലുവാ കെ. പി. സി. സി. യോഗം

ബിഷപ്പുമാരുടേയും മന്നത്തിനേറെയും പിന്നാലെ നടന്നതിനു കിട്ടിയ കൂലി!

കോൺഗ്രസ് പരാജയത്തെപ്പറ്റി ശങ്കർ

കമ്യൂ: പ്രക്ഷോഭണത്തെ നേരിടേണ്ട കാര്യത്തിൽ പുണ്ണ്യാഹപ്പിച്ചവർ കോൺഗ്രസ്സായെന്നും ഇല്ലെന്നും തർക്കം—വിദ്യാഭ്യാസം ദേശവൽക്കരിക്കണമെന്ന് പലർക്കും വാശി—പരാജയത്തെപ്പറ്റി പരിദേവനം—കാലുവാരലുകളെക്കുറിച്ച് കണ്ണീരൊഴുക്കൽ

ആലുവാ, മാർച്ച് 28

ഇന്നത്തെ അടിയന്തിരാവസ്ഥയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തുന്ന ഏതൊരു പ്രക്ഷോഭണവും നമ്മുടെ രാജ്യരക്ഷയേയും സ്വാതന്ത്ര്യത്തേയും അപകടപ്പെടുത്താനുള്ള നീക്കമാണെന്നും കെ. പി. സി. സി. മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇതിനെ സുധീരം നേരിടുമെന്നു ഇന്നു വേണ്ണ കെ. പി. സി. സി. ജനറൽബോഡിയോഗം പ്രഖ്യാപ്പനം ചെയ്തു.

ഇടതുപക്ഷ കമ്യൂണിസ്റ്റുകാരെ അറസ്റ്റു ചെയ്തതു ജനാധിപത്യത്തിൻറേയോ പ്രശ്നങ്ങളിന്മേലല്ലെന്നും, അതിനേക്കാളുപരി സ്വാതന്ത്ര്യത്തിൻറേയും ദേശരക്ഷയുടേയും പ്രശ്നങ്ങളിന്മേലാണെന്നുമാണു കെ. പി. സി. സി. ജനറൽബോഡിയോഗം പ്രഖ്യാപിച്ചതെന്നു പ്രസിഡണ്ടു ശങ്കർ അവകാശപ്പെട്ടു. പ്രസിഡണ്ടുതന്നെ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന ഈ പ്രമേയം ഏകകണ്ഠമായിട്ടാണു പാസ്സാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

കമ്യൂണിസ്റ്റുകാരുടെ പ്രവർത്തനം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ഭീഷണിയാണെന്നു പ്രമേയത്തിൽ പറയുന്നുണ്ടെങ്കിലും, അവർക്കെതിരായി ഏതു ഉദ്ദേശത്തോടുകൂടി ആ വാക്കു നിഷേധിച്ചുവോ ആ സ്ഥാനത്തുനിന്നു കോൺഗ്രസ്സിനു തൊറാറവോടുപോലും കിട്ടിയില്ല.

സോഷ്യലിസം നടപ്പാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ഇവിടെ വിദ്യാഭ്യാസം ദേശവൽക്കരിക്കുകയും അടിസ്ഥാന വിദ്യാഭ്യാസം നടപ്പാക്കുകയും വേണമെന്നു മി. ജോൺ പറഞ്ഞു. ഇന്നു മതസ്ഥാപനങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ മതപഠനവും നടക്കുന്നുണ്ടു. പ്രത്യേകിച്ചു കത്തോലിക്കാ വിദ്യാലയങ്ങളിലും മറ്റു ക്രിസ്തീയ വിദ്യാലയങ്ങളിലും മതപഠനത്തോടുകൂടിയാണു ക്ലാസ്സുകൾ ആരംഭിക്കുന്നതുതന്നെ. ഈ പഠനരീതി നിലനിൽക്കുന്നിടത്തോളംകാലം സോഷ്യലിസം ഇവിടെ ഉണ്ടാകയില്ല എന്നു മി. ജോൺ പറഞ്ഞു. അരിക്കാമം ഒരു പ്രശ്നം അല്ലെന്നു ഇവിടെ പറഞ്ഞതുകേട്ടു. ഭക്ഷണം കൊടുക്കാൻ സാധിക്കയില്ലെങ്കിൽ ഒരു ജനാധിപത്യം നിലനിലനിൽക്കാൻ സാധിക്കയില്ല. ജനാധിപത്യം പരാജയപ്പെടുന്നതുകൊണ്ടു പട്ടിണി മാത്രമുണ്ടാകയില്ല.

അബ്രഹാംമാസ്റ്ററുടെ അപഗ്രഥനം

മലബാറിൽ കോൺഗ്രസ്സിനു പറ്റിയ പരാജയം മുസ്ലീംലീഗ് ഇടതുപക്ഷക്കാരും തമ്മിലുണ്ടായ കൂട്ടുകെട്ടുമൂലമാണെന്നും, എന്നിട്ടും മലബാറിൽ കൂടുതൽ വോട്ടുകിട്ടിയതു കോൺഗ്രസ്സിനാണെന്നും കെ. സി. ഏബ്രഹാം പറഞ്ഞു. തിരുകൊച്ചി വിഭാഗത്തു കോൺഗ്രസ്സിനെ പരസ്യമായി അനുകൂലിച്ച പല ജനവിഭാഗങ്ങളും, കോൺഗ്രസ്സ് വിരുദ്ധ പ്രചരണങ്ങളിൽ കൂടുങ്ങിപ്പോവുകയാണുണ്ടായതു്. ഇങ്ങനെയുള്ളവരെ കോൺഗ്രസ്സിൽ മടക്കിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ നാം ചെയ്യേണ്ടിയിരിക്കുന്നു. മലബാറിൽ കോൺഗ്രസ്സിൻറെ മുതലെ ഏറ്റവും കൂടുതലാണു്. സത്യത്തിൽ വിശ്വസിക്കുന്ന യാതൊരാൾക്കും കോൺഗ്രസ്സിനെ യാതൊരു ആക്ഷേപവും പറയുവാനില്ല. കോൺഗ്രസ്സരേണം ഏറെറടുക്കാത്തതിനെ ക്രൂരം പറയുന്നതു് ഒരു തരം പരിഹാസം മാത്രമാണു്. വ്യക്തമായ ഭൂരിപക്ഷമുണ്ടെങ്കിലേ ഭരണഭാരം ഏറെറടുക്കുള്ളവെന്നുള്ള അടിസ്ഥാനത്തിലാണു് കോൺഗ്രസ്സ് മത്സരിച്ചതു്. അടുത്ത തെരഞ്ഞെടുപ്പിനെ നേരിടാൻ ഇപ്പോഴേ സംഘടന ബലവത്താക്കിക്കൊണ്ടു് പണപ്പിരിവു് ആരംഭിക്കണമെന്നും അച്ചടക്കബോധത്തോടെ സംഘടന ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

താൻ സ്ഥാനാർത്ഥിയായി നിൽക്കുന്നില്ലെന്നു പറഞ്ഞിട്ടും കാമരാജിൻറെ നിർബന്ധപ്രകാരമാണു് മത്സരിച്ചതെന്നും എന്നാൽ തന്നെ തോല്പിക്കാൻ കോൺഗ്രസ്സ് ഓഫീസിൽ ഇരുന്നുകൊണ്ടു പലരും ശ്രമിച്ചുവെന്നും ജനാർദ്ദനൻ കുറുപ്പെട്ടത്തി. ഇതേപ്പറ്റി കെ. പി. സി. സി. പ്രസിഡണ്ടിനു് എഴുതിയിട്ടും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല.

പിന്നീടു് സംസാരിച്ചു ജോസഫ് തലയ്ക്കുനായിരുന്നു. താൻ ഒരു സ്വതന്ത്രനായി മത്സരിച്ചിരുന്നെങ്കിൽ തീർച്ചയായും വിജയിച്ചേനെയെന്നു അദ്ദേഹം പറഞ്ഞു. കത്തോലിക്കാ ബിഷപ്പുമാരുടെയും മറ്റും പിന്തുണകൂടാതെ ജയിക്കാനാണു് സാഹചര്യങ്ങളും സൃഷ്ടിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്വീകരിച്ച നിലപാടിനെ അംഗീകരിച്ചുകൊണ്ടും തിരഞ്ഞെടുപ്പിനുശേഷം കേന്ദ്ര പാർലമെൻററി ബോർഡ്ഡും കെ. പി. സി. സി. യും സ്വീകരിച്ച നിലപാടിനെ സ്വീകരിച്ചുകൊണ്ടും കോൺഗ്രസ്സ് വിരുദ്ധമായ നിലപാടു് സ്വീകരിക്കുന്ന അംഗങ്ങളുടെ പേരിൽ ശിക്ഷണനടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കെ. കെ. മാധവൻറെ പ്രമേയമാണു് ആദ്യം യോഗം പാസ്സാക്കിയതു്.

യോഗത്തിൽ പ്രസംഗിച്ച മി. കരുൺ ജോസഫ് (തിരുവല്ലാ സ്ഥാനാർത്ഥി)താനൊരു സ്ഥാനാർത്ഥിയായി തിരുവല്ലായിൽ ചെന്നപ്പോൾ അവിടെ ശരിക്കൊന്നു കാലുകുത്തുവാൻപോലും കഴിഞ്ഞില്ലെന്നു് പറയുകയുണ്ടായി.

.....

പാലക്കാട് പ്രസ്സ് ലേബർ യൂനിയൻ

[സ്വ ലേ] പാലക്കാടു്, മാ 29

ഇവിടെവെച്ചു് കെ. കെ. സ്വാമിനാഥൻറെ അദ്ധ്യക്ഷതയിൽ പാലക്കാടു് പ്രസ്സ് ലേബർ യൂനിയൻറെ ഒരു ജനറൽ ബോഡിയോഗം കൂടി. സെക്രട്ടറി റിപ്പോർട്ടു് വായിച്ചു. 64–65 ലേക്കു് 3 മാസത്തേശമ്പളം ബോണസ്സു്, 20 മുതൽ 35ശതമാനംവരെ ശമ്പളവർദ്ധന, പ്രോവിഡണ്ടു് പദ്ധതി, ലെട്ടിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കു് പാൽ നൽകുക തുടങ്ങിയ അടിയന്തിരാവശ്യങ്ങളടങ്ങുന്ന ഒരു മെമ്മോറാണ്ടം എല്ലാ പ്രസ്സു് മാനേജ്മെൻറിനും അയപ്പാൻ തീരുമാനിച്ചു.

യോഗത്തിൽ ആലപ്പുഴ കോ. കൊപ്പറേറ്റീവ് പ്രിൻറിംഗ് വർക്കിലെ മരണപ്പെട്ട തൊഴിലാളിയോടു് അനുശോചനം രേഖപ്പെടുത്തുകയും, കുടുംബത്തിനു് സഹായധനം നൽകാൻ ആവശ്യപ്പെടുകയും ചെയ്തുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു.

—

സൈനികക്കു് കേരളത്തിൽ ഭൂമി പതിച്ചു കൊടുക്കുന്നു

ന്യൂഡൽഹി, മാ. 28

സൈനിക സേവനത്തിനിടയ്ക്കു കൊല്ലപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോചെയ്ത സൈനികരും അവരുടെ ആശ്രിതരും ഇപ്പോൾ കേരളത്തിൽ ഭൂമി പതിച്ചുകിട്ടാൻ അർഹരാണു്. 1964–ലെ കേരളഭൂമി പതിച്ചുകൊടുക്കൽ ചട്ടങ്ങളനുസരിച്ചു്, ലഭ്യമായ ഭൂമിയുടെ 25 ശതമാനം സൈനികക്കും അവരുടെ ആശ്രിതക്കും പതിച്ചുകൊടുക്കാൻ നീക്കിവെച്ചിരിക്കുന്നു.

ഭൂമി പതിച്ചുകിട്ടാൻ ആഗ്രഹിക്കുന്നവർ നിശ്ചിതഫോറത്തിൽ ബന്ധപ്പെട്ട തഹസീൽദാക്കു് അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോറങ്ങളും വില്ലേജ് ആപ്പീസുകളിലും താലൂക്കു് ആപ്പീസുകളിലും ലഭിക്കും.

—

പ്രകടനക്കാരും പൊലീസും ഏറ്റുമുട്ടി

[പ്ര എഫ് പി] ബ്രസ്സൽസ്, മാ. 28

ഇവിടത്തെ അമേരിക്കൻ എമ്പസിക്കു മുമ്പിൽവച്ചു് ഇരുന്നോറോളം പ്രകടനക്കാർ ബെൽജിയൻ പൊലീസുമായി ഇന്നു വൈകുന്നേരം ഏറ്റുമുട്ടുകയുണ്ടായി. ഏഴു പോലീസുകാക്കു് പരിക്കുപററിയിട്ടുണ്ടെന്നു് ആദ്യറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

അന്നബോമ്പിനും, അമേരിക്കയുടെ നയത്തിനുമെതിരായി ബ്രസ്സൽസ് നഗര വീഥികളിൽ നടന്ന സമാധാനപരമായ ഒരു പ്രകടനത്തിനു് ശേഷമാണു് സംഘട്ടനം ഉടലെടുത്തതു്. വിവിധ രാഷ്ട്രീയ–സാംസ്കാരികസംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന ഈ പ്രകടനത്തിൽ 30000 പേർ പങ്കെടുത്തുവെന്നു് സംഘാടകർ പറഞ്ഞു. പൊലീസ് പറഞ്ഞതു് പ്രകടനത്തിൽ 11000 പേരേ ഉണ്ടായിരുന്നുള്ളുവെന്നാണു്.

കമ്യൂ: തടവുകാരെ കോടതിയിൽഹാജരാക്കി

ഹേബിയസ് കോർപ്പസ് ഹരജി സംബന്ധിച്ചവിചാരണ മാർച്ച് 31–ന് നീട്ടി

(പി ടി ഐ) എറണാകുളം മാർച്ച് 29

രാജ്യരക്ഷാ ചട്ടമനുസരിച്ചു് അറസ്റ്റുചെയ്യപ്പെട്ടു തടവിൽ കഴിയുന്ന ഇടതുപക്ഷ കമ്യൂണിസ്റ്റ് നേതാക്കളായ എ. കെ. ഗോപാലൻ, സി. എച്ച്. കണാരൻ, വടക്കുട്ടു് വിശ്വനാഥമേനോൻ, എ. വി. ആര്യൻ, എം. എം. ലോറൻസ് എന്നിവരെ ജസ്റ്റിസ് ടി. കെ. ജോസഫ്, ജസ്റ്റിസ് അന്നാ ചാണ്ടി എന്നിവരുൾക്കൊണ്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ ഇന്നു് ഹാജരാക്കുകയുണ്ടായി.

തടങ്കൽ തടവുകാരായ ഈ കമ്യൂണിസ്റ്റുകാരെ അറസ്റ്റു ചെയ്തു് തടവിൽ പാർപ്പിച്ചിരിക്കുന്നതിനെതിരായ സാധുതയെപ്രതി ഹേബിയസ് കോർപസ് ഹരജിയുടെ വിചാരണ സംബന്ധിച്ചാണു് അവരെ കോടതിയിൽ ഹാജരാക്കിയതു്.

തങ്ങൾക്കെതിരായ ആരോപണം സംബന്ധിച്ചു് ഏതെങ്കിലുമൊരു അന്വേഷണം നടത്തുതെ കേന്ദ്ര ആഭ്യന്തരകാര്യമന്ത്രിയുടെ ഉത്തരവിനെ മാത്രം ആസ്പദമാക്കിയുള്ള സംസ്ഥാന ഗവൺമെൻറിനെ അറസ്റ്റു നിയമവിരുദ്ധമാണെന്നു് തടവുകാർ ഹരജിയിൽ പറഞ്ഞിരുന്നു.

ഈ ഹരജി ഫയൽ ചെയ്തതിനുശേഷം ഹരജിക്കാരായ തടവുകാരെ സംസ്ഥാന ഗവൺമെൻറിനെ കസ്റ്റഡിയിൽനിന്നും കേന്ദ്രതിലേക്കു് മാററിയതിനെ അടിസ്ഥാനത്തിൽ ആദ്യത്തെ അഫിഡവിറിൻ മാറാം വരുത്തേണ്ടതുള്ളതുകൊണ്ടു് പുതിയ ഹരജികൾ സമർപ്പിക്കുവാൻ കോടതി നിർദ്ദേശിച്ചു.

കേസ് മാർച്ചു് 31–നു തിയ്യതിക്കു് വിചാരണക്കു്വെച്ചു.

മറെറ 2–ഹരജിക്കളുടെ വിചാരണയും ഇന്നു കോടതിയിൽ വരികയുണ്ടായി. ഇപ്പോൾ വിശ്രമജീവിതത്തിൽ കഴിയുന്നതിൻറെ ഭാര്യ സുശീലാ ഗോപാലനു് മറെറാരു ഡെററിനുകളുമായിബന്ധപ്പെടുവാനും കളികളിലും മറെറും ഉല്ലാസങ്ങളിലും പങ്കുചേരുവാനും അനുവദിക്കണമെന്നു ശ്രീ. എ. കെ. ഗോപാലൻറെതായിരുന്നു ഒരു ഹരജി. മറെറാന്നു്, ജയിലിൽ, പോലീസ് കാഫ്സിൽമാരുടെ അസാന്നിദ്ധ്യത്തിൽ നിയമോപദേശം ലഭിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ടു് എല്ലാ തടവുകാർക്കും വേണ്ടി ഫയൽ ചെയ്തപ്പെട്ടിട്ടുള്ളതായിരുന്നു. ഈ രണ്ടു് ഹരജികളും മാർച്ചു് 3–നു് നീട്ടി.

ജയിലിൽ തൻറെ ഭാര്യയുമായി ഒരു ഭിമുഖസംഭാഷണം അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഹൈക്കോടതിയിലേക്കു് താൻ ഒരു കത്തു് അയച്ചിരുന്നുവെന്നു് മി. ഗോപാലൻ തൻറെ ഹരജിയെ സംബന്ധിച്ചു് വാദം നടത്തിക്കൊണ്ടു് പ്രസ്താവിച്ചു. ഈ ഹരജി അനുവദിക്കപ്പെടുകയില്ലെന്നു് (ജനു. 13–നു്) ഒരു പോലീസ് ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യത്തിലാണു് അഭിമുഖം അനുവദിച്ചതെന്നും അതും ഒരു കേന്ദ്രപ്പാട്ടു് അകലത്തിലായിരുന്നുവെന്നും മി. ഗോപാലൻ പറഞ്ഞു. ഒരു തടങ്കൽ തടവുകാരനല്ലാത്ത പുറത്തുള്ള ഒരാളുമായി അഭിമുഖസംഭാഷണം നടത്തുമ്പോഴാണു് ഒരു പോലീസ് കാഫീസറുടെ സാന്നിദ്ധ്യത്തെ ന്യായീകരിക്കുവാൻ സാധിക്കുകയുള്ളുവെന്നും മി. ഗോപാലൻപറഞ്ഞു. പിന്നീടു്; പോലീസ് കാഫീസറുടെ അസാന്നിദ്ധ്യത്തിൽ ഭാര്യയുമായി സംഭാഷണം നടത്തുന്നതിനു് ജയിൽ അധികൃതർ സമ്മതിക്കുകയുംചെയ്തു. അതുകൊണ്ടു് ഇക്കാര്യം ഞാൻ വീണ്ടും ഉന്നിപ്പായുവാൻ ആഗ്രഹിക്കുന്നില്ല. ജയിലിലെ ഒരു മൂന്നാഴികെട്ടിടത്തിൽ ഒറെറയ്ക്കാണു് തൻറെ ഭാര്യയെതാമസിപ്പിച്ചിരിക്കുന്നതു്. ഇതിലെ രണ്ടുമുറികളിൽ പതിവുപുള്ളികളായ സ്ത്രീകളെയാണു് താമസിപ്പിച്ചിരിക്കുന്നതു്. 1958–ലെ കേരള പ്രിസൺസ് ഏക്ടിലെ വ്യവസ്ഥകൾക്കു് എതിരായ നടപടിയാണിതെന്നു് ഗോപാലൻ പറഞ്ഞ. ഈ ചട്ടമനുസരിച്ചു്, തടവുകാർക്കു് തങ്ങളുടെ സഹകടതവുകാരുമായി ഇടപഴകുന്നതിനും കളികളിൽ സഹകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുവെന്നും മി. ഗോപാലൻ വാദിച്ചു.

ഗവൺമെൻറിനുവേണ്ടി അഡ്വക്കെ ജനറാം മി. ടി. എസ്. കൃഷ്ണമൂർത്തിയുമാണു് ഹാജരായി വാദം നടത്തിയതു്. മിസിസ് ഗോപാലനെതിരായ വിവേചനനടപടിയെ സംബന്ധിച്ചു് ഏ. കെ ഗോപാലനാണു് ഇവിടെ ഹരജി സമർപ്പിച്ചിരിക്കുന്നതു്. ഭരണഘടനയിലെ 226–വകുപ്പനുസരിച്ചു് മി. ഗോപാലനു് ഇന്നിനു് അധികാരമില്ലെന്നു് അഡ്വക്കേററ് ജനറാം വാദിച്ചു. ഈ കേസിൽ അവശത അനുഭവിക്കുന്ന കക്ഷി മി. ഗോപാലനല്ല. ശരിക്കും ഇതിലെ ആക്ഷേപമുള്ള കക്ഷി പോസ്സിസ് ഗോപാലനാണു് അവരാണു് ഹരജി സമർപ്പിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

—

ചാക്കോളാ ട്രോഫി

തിരുവനന്തപുരം ടീമിനു് ദയനീയ പരാജയം

(സ്വ. ലേ.) തൃശ്ശൂർ മാ. 29

ഇവിടെ നടന്നുവരുന്ന ചാക്കോളാ ഗോൾഡ് ട്രോഫിടൂർണമെൻറിൻറെ ഇന്നത്തെ കളിയിൽ പഞ്ചാബ് പൊലീസ് ഒന്നിനെതിരെ അഞ്ചു് ഗോളുകൾ നേടിക്കൊണ്ടു് ഏജീസ് ഓഫീസ് തിരുവനന്തപുരത്തെ ദയനീയമായി പരാജയപ്പെടുത്തിയിരിക്കുന്നു.

ഇന്നത്തെ മത്സരം ആനയും ആടും തമ്മിലുള്ള ഒരു മത്സരമായിട്ടാണു് കാണികൾക്കു തോന്നിയതു്. ദീർഘകായകരായ പഞ്ചാബു് പോലീസിൻറെ മുമ്പിൽ തിരുവനന്തപുരം ടീം ആനകളുടെമുമ്പിൽ ആടുകളെപോലെയായിരുന്നു. കളിതുടങ്ങി അഞ്ചാമത്തെ മിനിററിൽ പഞ്ചാബിൻറെ ലെഫ്ററ്റ്ഹാഫ് രംഗദേവ് നീട്ടിയടിച്ച പന്തു ലെഫ്ററ് വൈ നാസ്സർസിംഗ് തിരുവനന്തപുരം ടീമിൻറെ ഗോൾമുഖത്തു കൊണ്ടുപോയി കനത്തൊരടി നൽകി. ഗോൾവലയത്തിനുള്ളിൽ ആദ്യമായി പന്തുകടന്നു. ഏതു ഗോളിയും വിചാരിച്ചാലും തടുക്കാനൊളുത്തല്ലാത്തൊരടിയായിരുന്നു അതു്. പിന്നെയും പന്തു് തിരുവനന്തപുരം പോസ്റ്റിലേക്കുതന്നെ ഇരച്ചുകയറിക്കൊണ്ടിരുന്നു. തിരുവനന്തപുരം ഡിഫൻസ് വളരെ ശ്രദ്ധിച്ചു മാത്രമാണു് താടിക്കാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നതു്.

10–ാമത്തെ മിനിററിൽ പഞ്ചാബിൻറെ ക്യാപ്ററനായ ഷിൻഗർസിംഗ് (ലെഫ്ററ്റ്റ്ഹാൻ) തനിയെ കൊണ്ടുപോയി അവരുടെ രണ്ടാമത്തെ ഗോൾ നേടി.

അടുത്ത നിമിഷത്തിൽത്തന്നെതിരുവനന്തപുരത്തിൻറെ സെൻറർഫോർവേഡ് ജോജ്ജ് ഫിലിപ്പ് ഒരു പന്തുമായി പഞ്ചാബ് ഗോൾമുഖത്തേക്കു പാഞ്ഞതു് കാണികളിൽ ആവേശപ്രകടനം കൊണ്ടു് ലഫ്ററ്റ്റ്ഔട്ട് ജോസഫ് ചാക്കോയിക്കു് കിട്ടി. ദീർഘകായകനായ സർദാർസിങ്ങിനെ മറിച്ചു് പന്തു് പോസ്റ്റിലേക്കു് ടിസ്റ്റ്ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ, ആ പന്തു് അവിട്ടായിപോയി. പിന്നേയും പന്തു് തിരുവനന്തപുരം പോസ്റ്റിലേക്കുതന്നെ തിരിഞ്ഞു. 15–ാമത്തെ മിനിററിൽ ലെഫ്ററ്റ്ഔട്ടു് നാസ്സർ സിങ്ങ് ക്രോസ്ചെയ്തുകൊടുത്ത പന്തു് റൈറ്റ്ഔട്ടു് നിർജ്ജീവസിംഗ് ഊക്കോടെ അടിച്ചു്– ആ കനത്തപന്തു്– മൂന്നാമത്തെ ഗോളായി.

അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമേ പന്തു് പഞ്ചാബു് പോസ്റ്റിൽ എത്തിയിരുന്നുള്ളു. 24–ാമത്തെ മിനിററിൽ പഞ്ചാബിൻറെ സെൻറർഫോർവേർഡ് സുർജ്ജീത്സിംഗ് മൈനസ് ചെയ്ത ലെഫ്ററ്റ്റ്ഹാഫ് രാദേവിനു് കൊടുത്തു. രാദേവു് ആ പന്തു് ഷിംഗാസിങ്ങിനു് നല്കി. അയാളാ അവരുടെ നാലാമത്തെ ഗോളും നേടി. തിരുവനന്തപുരം ടീം നിരാശരായപോലെ തോന്നി. ആദ്യപകുതിയങ്ങനെ ഏകപക്ഷീയമായവസാനിച്ചു.

രണ്ടാംപകുതിയിൽ ഗോളും തിരിച്ചടിക്കുമെന്നുള്ള ഉറച്ചനിലപാടാണു് തിരുവനന്തപുരം ടീമിൽ കണ്ടതു്. കളി അധികഭാഗവും പഞ്ചാബു്പോസ്റ്റിലായിരുന്നു നടന്നിരുന്നതു്. വളരെ നല്ല ചേൻസുകിട്ടിയ തിരുവനന്തപുരത്തുകാർ കളഞ്ഞുകുളിച്ചു. പിന്നീടു് തിരുവനന്തപുരം പൊരിഞ്ഞുകളിച്ചു. ഫൈബോധം കൊടുക്കാതെ നിലത്തുരുട്ടികൊണ്ടു് കളിച്ചിരുന്നതുകൊണ്ടു് അവർക്കു് പഞ്ചാബിനെ പിടിച്ചുനിർത്തുന്നതിനു സാധിച്ചുവെന്നു പറയാം 18–ാമത്തെ മിനിററിൽ റൈറ് ഇൻ രാഘവൻനായർ ജോജ്ജ് ഫിലിപ്പും ജോസഫ് ചാക്കോയും ചേർന്നുകൊടുത്ത പന്തു് റൈറ്റ്ഔട്ടു് നിർജ്ജീവസിംഗ് ഊക്കോടെ അടിച്ചു്– ആ കനത്തപന്തു്– മൂന്നാമത്തെ ഗോളായി.

അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമേ പന്തു് പഞ്ചാബു് പോസ്റ്റിൽ എത്തിയിരുന്നുള്ളു. 24–ാമത്തെ മിനിററിൽ പഞ്ചാബിൻറെ സെൻറർഫോർവേർഡ് സുർജ്ജീത്സിംഗ് മൈനസ് ചെയ്തു